**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1492 22/3/2013 - ൽ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജിൽ നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ എത്ര തുക നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ നാളിതുവരെ 300.48 കോടി രൂപ നൽകി (റിലീസ്) യിട്ടുണ്ട്. |
| (ബി) പ്രസ്തുത തുകയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | പ്രസ്തുത തുകയിൽ 164.895 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. |
| (സി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ കൃഷി, മൃഗസംരക്ഷണ വകുപ്പുകളുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) & (ഡി) | കുട്ടനാട് പാക്കേജിൽ നടപ്പിലാക്കിയ/ നടപ്പിലാക്കുന്ന പദ്ധതികളിൽ അമ്പലപ്പുഴ മണ്ഡലം ഉൾപ്പെടുന്ന കൃഷി വകുപ്പും മൃഗസംരക്ഷണ വകുപ്പും മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |
| (ഡി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കൃഷി, മൃഗസംരക്ഷണ വകുപ്പുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ? | | **കൃഷി വകുപ്പ്**<br>1. 50% സബ്സിഡിയിൽ നെൽവിത്ത് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി. (കർഷകർക്ക് പരിശീലനവും നൽകിയത് ഉൾപ്പെടുന്നു)<br>2. അഗ്രി. ക്ലിനിക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയിൻകീഴിൽ അമ്പലപ്പുഴയിൽ ഒരു അഗ്രി ക്ലിനിക് സ്ഥാപിച്ചിട്ടുണ്ട്. |

3. ഉൽപാദനം വർദ്ധിപ്പിച്ച് തെങ്ങിൻ തോപ്പുകളുടെ സമഗ്രപരിപാലനത്തിനുള്ള പദ്ധതിയിൽ പാക്കേജിൻ കീഴിൽ ആകെ 1875 ഹെക്ടർ പ്രദേശത്തെ തെങ്ങുകൾ വെട്ടി മാറ്റുന്നതിന് ആനുകൂല്യം നൽകുകയും പമ്പ് സെറ്റ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

4. കാർഷിക യന്ത്രങ്ങൾ വിതരണം ചെയ്യുന്ന 85 കോടി രൂപയുടെ പദ്ധതി.

5. 13-ാം ധനകാര്യകമ്മീഷനു കീഴിൽ അനുമതി ലഭിച്ച തരിശുനില കൃഷിക്കുള്ള 3 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. സംയോജിത മൂലക പരിപാലന പദ്ധതി, സംയോജിത കീട നിയന്ത്രണ പദ്ധതി എന്നിവയും 13-ാം ധനകാര്യ കമ്മീഷന്റെ കീഴിൽ അനുമതി ലഭിച്ചിട്ടുണ്ട്.

## മൃഗസംരക്ഷണ വകുപ്പ്

1. മുന്തിയ ഇനം പശുക്കളുടെ ഇറക്കുമതി
2. കന്നുകാലി പരിപാലന പദ്ധതി
3. കൃത്രിമ ബീജസങ്കലന പദ്ധതി
4. മതിചക്ര ഏകീകരണ പദ്ധതി
5. 13-ാം ധനകാര്യകമ്മീഷനു കീഴിൽ അനുമതി ലഭിച്ച സമഗ്ര കന്നുകാലി വികസന പദ്ധതി (5.10 കോടി) നടപ്പിലാക്കി വരുന്നു. പദ്ധതിയിൽ എരുമ വളർത്തൽ, അസോള കൃഷി, തീറ്റ നൽകൽ, കന്നുകാലി വളർത്തൽ എന്നിവയ്ക്ക് ആനുകൂല്യം നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

Swapna.

സെക്ഷൻ ഓഫീസർ